വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം റമദാൻ 2022

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

റമദാൻ 16

സൂറത്തുൽ ഹദീദ്

ആയത്ത് 01 മുതൽ 10 വരെ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة الحديد

57. സൂറത്തുൽ ഹദീദ്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 29 - വിഭാഗം (റുകൂഉ്) 4

നബിﷺ ഉറങ്ങുന്നതിന്മുമ്പായി 'മുസബ്ബിഹാത്ത്' (ഈ സൂറത്തിലുള്ളതുപോലെ 'തസ്ബീഹി'ന്റെ വാക്കുകൾകൊണ്ട് ആരംഭിക്കുന്ന സൂറത്തുകൾ) ഓതാറുണ്ടായിരുന്നുവെന്നും, (വേറെ) ആയിരം ആയത്തുകളെക്കാൾ ശ്രേഷ്ഠമായ ഒരു ആയത്ത് അവയിൽ അടങ്ങിയിട്ടുണ്ടെന്നും തിരുമേനി പറയുകയുണ്ടായി എന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (തി; ദാ; ന.) ഈ ഹദീഥിൽ സൂചിപ്പിക്കപ്പെട്ട വചനം ഈ സൂറത്തിലെ മൂന്നാം വചനമാണെന്നാണ് ഇബ്നു കഥീർ (റ) മുതലായവരുടെ അഭിപ്രായം. സൂ: ഹശ്റിന്റെ അവസാനഭാഗമാണെന്നും അഭിപ്രായമുണ്ട്. അല്ലാഹുവിന്റെ ഗുണമാഹാത്മ്യങ്ങളെ കുറിക്കുന്ന ഉൽകൃഷ്ട നാമങ്ങളിൽ ചിലത് ആ വചനങ്ങളിൽ അടങ്ങിയിട്ടുള്ളതാണ് അതിന് കാരണം. الله أعلم

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَبَّحَ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١﴾

《1》 ആകാശങ്ങളിലും ഭൂമിയിലുമുള്ളവ(യെല്ലാം) അല്ലാഹുവിന് 'തസ്ബീഹു' [സ്തോത്ര കീർത്തനം] ചെയ്യുന്നു. അഗാധജ്ഞനായ പ്രതാപശാലിയത്രെ അവൻ.

لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢﴾

《2》 ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു; അവൻ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു; അവൻ, എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

﴾1﴿ سَبَّحَ തസ്ബീഹ് (സ്തോത്രകീർത്തനം) ചെയ്യുന്നു, ചെയ്തിരിക്കുന്നു لِلَّهِ അല്ലാഹുവിന് مَا فِي ٱلسَّمَٰوَٰتِ ആകാശങ്ങളിലുള്ളത് وَٱلْأَرْضِ ഭൂമിയിലും وَهُوَ അവൻ, അവനത്രെ ٱلْعَزِيزُ പ്രതാപശാലി ٱلْحَكِيمُ അഗാധജ്ഞനായ, യുക്തിമാൻ ﴾2﴿ لَهُۥ അവന്നാണ്, അവന്റേതാണ് مُلْكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം (ആധിപത്യം) وَٱلْأَرْضِ ഭൂമിയുടെയും يُحْيِۦ അവൻ ജീവിപ്പിക്കുന്നു وَيُمِيتُ മരിപ്പിക്കുകയും ചെയ്യുന്നു وَهُوَ അവൻ(ആകുന്നുതാനും) عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും, വസ്തുവിനും قَدِيرٌ കഴിവുള്ളവനും

വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ, മനഃപൂർവ്വമോ സൃഷ്ടിസഹജമായ നിലക്കോ, ബുദ്ധിവർഗങ്ങളിൽ നിന്നോ അല്ലാത്തവയിൽനിന്നോ, ജീവവസ്തുക്കളിൽനിന്നോ അല്ലാത്തവയിൽനിന്നോ- ഏത് തരത്തിലായാലും വേണ്ടതില്ല- സ്രഷ്ടാവിന്റെ മഹത്വങ്ങളെ പ്രകീർത്തനം ചെയ്യുക എന്ന സാമാന്യാർത്ഥത്തിലാണ് ഇവിടെ 'തസ്ബീഹ്'(സ്തോത്രകീർത്തനം) ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഏതൊരു വസ്തു എടുത്താലും ശരി അത് അതിന്റേതായ 'തസ്ബീഹ്' നടത്തിക്കൊണ്ടിരിക്കാതെയില്ല. പക്ഷേ, അതതിന്റെ തസ്ബീഹ് എന്താണ്, എങ്ങനെയാണ് എന്ന് സൂക്ഷ്മമായി നിർവ്വചിക്കുവാൻ നമുക്ക് സാധ്യമല്ല. അതെ, .

وإن من شَيْئٍ إلاَّ يُسبِّحُ بِحَمْدِهِ ولَكِن لاَ تَفْقَهُونَ تَسْبِيحَهُم–الإسراء

(ഏതൊരു വസ്തുവും തന്നെ അവനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് ചെയ്യാത്തതായിട്ടില്ല. പക്ഷേ, അവരുടെ തസ്ബീഹ് നിങ്ങൾ ഗ്രഹിക്കുകയില്ല. (സൂ: ഇസ്റാഉ് 44.) അഖില വസ്തുക്കളും- ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ- എങ്ങനെ അവന് തസ്ബീഹ് നടത്താതിരിക്കും?! അറിഞ്ഞോ, അറിയാതെയോ അവന്റെ നാമങ്ങളെ വാഴ്ത്താതെയും, അവന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യാതെയും ഇരിക്കുവാൻ എങ്ങനെ സാധിക്കും? ഇല്ല, സാധിക്കയില്ല. കാരണം, തുടർന്നുള്ള 3 - 6 വചനങ്ങളിൽനിന്ന് സ്പഷ്ടമാകുന്നതാണ്.

هُوَ ٱلْأَوَّلُ وَٱلْءَاخِرُ وَٱلظَّٰهِرُ وَٱلْبَاطِنُ ۖ وَهُوَ بِكُلِّ شَيْءٍ عَلِيمٌ ﴿٣﴾

﴾3﴿ അവൻ ആദ്യനായുള്ളവനും, അന്ത്യനായുള്ളവനും, പ്രത്യക്ഷനായുള്ളവനും, പരോക്ഷനായുള്ളവനുമത്രെ. അവൻ എല്ലാ വസ്തുവെ (അഥവാ കാര്യത്തെ)ക്കുറിച്ചും അറിവുള്ളവനുമാകുന്നു.

وَٱلْـَٔاخِرُ هُوَ﴿3﴾ അവൻ, അവനത്രെ ٱلْأَوَّلُ ആദ്യനാകുന്നു, ഒന്നാമത്തെവൻ
അന്ത്യനും وَٱلظَّـٰهِرُ പ്രത്യക്ഷനും, സ്പഷ്ടമായവനും, വെളിപ്പെട്ടവനും وَٱلْبَاطِنُ
പരോക്ഷമായവനും, മറഞ്ഞവനും, ആന്തരത്തിലുള്ളവനും وَهُوَ അവൻ بِكُلِّ شَىْءٍ
എല്ലാ കാര്യത്തെ (വസ്തുവെ)ക്കുറിച്ചും عَلِيمٌ അറിവുള്ളവനാകുന്നു

ഈ വചനത്തിൽ കാണുന്ന ഓരോ നാമത്തിന്റെയും അർത്ഥവ്യാപ്തിയിൽ പരിഗണിക്കപ്പെട്ടിട്ടുള്ള ആശയങ്ങൾ വിവരിക്കുന്നപക്ഷം അത് വളരെ ദീർഘിച്ചുപോകുന്നതാണ്. ഉറങ്ങുവാൻ പോകുമ്പോൾ നബിﷺ പ്രാർത്ഥിക്കാറുണ്ടായിരുന്നതും, എല്ലാവരും പ്രാർത്ഥിക്കുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു പ്രാർത്ഥനയിൽ നിന്ന് അവയുടെ സംക്ഷിപ്ത സാരം മനസ്സിലാക്കാവുന്നതാകുന്നു. പ്രസ്തുത 'ദുആ' ഇതാണ്:

اللهُمَّ رَبَّ السَّمَاوَاتِ وَرَبَّ الْأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ رَبَّنَا وَرَبَّ كُلِّ شَيْءٍ فَالِقِ الْحَبِّ وَالنَّوَى وَمُنَزِّلَ التَّوْرَاةِ وَالإِنْجِيلِ وَالْفُرْقَانِ أَعُوذُ بِكَ مِنْ شَرِّ كُلِّ ذِي شَرٍّ أَنْتَ آخِذٌ بِنَاصِيَتِهِ اللهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ وَأَنْتَ الآخِرُ فَلَيْسَ بَعْدَكَ شَيْءٌ وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ أقضِ عَنَّا الدَّيْنَ وَاغْنِنَا مِنَ الْفَقْرِ — أخرجه أحمد ومسلم والترمذي والبيهقي

(സാരം: 'അല്ലാഹുവേ, ആകാശങ്ങളുടെ റബ്ബേ, ഭൂമിയുടെ റബ്ബേ, മഹത്തായ 'അർശി'ന്റെ റബ്ബേ, ഞങ്ങളുടെയും എല്ലാ വസ്തുക്കളുടെയും റബ്ബേ, ധാന്യവും കുരുവും (അണ്ടിയും) പിളർത്തി മുളപ്പിക്കുന്നവനേ, തൗറാത്തും ഇൻജീലും ഫുർക്വാനും (ക്വുർആനും) ഇറക്കിയവനേ, ദോഷമുണ്ടാക്കുന്ന എല്ലാറ്റിന്റെ ദോഷത്തിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അവയെല്ലാം നിന്റെ പിടുത്തത്തിലാണുള്ളത്'.)'അല്ലാഹുവേ, നീയത്രെ ആദ്യനായുള്ളവൻ, അപ്പോൾ നിനക്കുമുമ്പ് ഒന്നുംതന്നെയില്ല. നീയത്രെ അന്ത്യനായുള്ളവൻ, അപ്പോൾ നിനക്കുശേഷം ഒന്നുംതന്നെയില്ല. നീയത്രെ പ്രത്യക്ഷനായുള്ളവൻ അപ്പോൾ നിന്റെ മീതെ ഒന്നുംതന്നെയില്ല. നീയത്രെ പരോക്ഷനായുള്ളവൻ. അപ്പോൾ നിന്റെ അടിയിലായി ഒന്നുംതന്നെയില്ല. നീ ഞങ്ങൾക്ക് കടം വീട്ടിത്തരുകയും, ദാരിദ്ര്യത്തിൽനിന്ന് ഞങ്ങൾക്ക് ധന്യത നൽകുകയും ചെയ്യേണമേ'! (അ; മു; തി; ബ.) ഈ ദുആയുടെ അന്ത്യഭാഗം ഇവിടെ പ്രത്യേകം ശ്രദ്ധിക്കുക.

'നിന്റെ മീതെ ആരുമില്ല' എന്ന് പറഞ്ഞതിന്റെ താൽപര്യം: നിന്നെ അതിജയിക്കുന്നവനോ, നിന്നെക്കാൾ ദൃഷ്ടാന്തപ്പെട്ടവനോ, നിന്നെക്കാൾ ഉന്നതനോ ആയി ഒന്നുമില്ല എന്നും, 'നിന്റെ അടിയിലായി ഒന്നുമില്ല' എന്നതിന്റെ താൽപര്യം, നീ അറിയാത്തതായോ, നിന്റെ നിയമത്തിനും നിയന്ത്രണത്തിനും വിധേയമല്ലാത്തതായോ ഒന്നുമില്ല എന്നുമാകുന്നു. ദൃഷ്ടാന്തങ്ങൾകൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും അല്ലാഹു പ്രത്യക്ഷനും സ്പഷ്ടമായവനുമാണ്. പക്ഷേ, ഈ ബാഹ്യദൃഷ്ടികൊണ്ട് അവനെ കണ്ടെത്തുവാനോ, ഈ ബുദ്ധികൊണ്ട് അവനെ

രൂപപ്പെടുത്തുവാനോ സാധ്യമല്ലാത്തവണ്ണം അവൻ പരോക്ഷനും അസ്പഷ്ടനും തന്നെ. ليس كمثله شيء وهو السميع البصير (അവനെപ്പോലെ ഒന്നും തന്നെയില്ല. അവൻ (എല്ലാം) കേട്ടറിയുന്നവനും കണ്ടറിയുന്നവനുമാകുന്നു.)

هُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ

﴿4﴾ അവനത്രെ, ആകാശങ്ങളെയും ഭൂമിയെയും ആറുദിവസങ്ങളിലായി സൃഷ്ടിച്ചവൻ; പിന്നീട് അവൻ 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു.

يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۖ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٤﴾

ഭൂമിയിൽ കടന്നുകൂടുന്നതും, അതിൽനിന്ന് പുറത്തുപോകുന്നതും, ആകാശത്തുനിന്ന് ഇറങ്ങുന്നതും, അതിൽ കയറിച്ചെല്ലുന്നതും, (എല്ലാം) അവൻ അറിയുന്നു. നിങ്ങൾ എവിടെയായിരിക്കട്ടെ, അവൻ നിങ്ങളുടെ കൂടെയുണ്ട്. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

لَّهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٥﴾

﴿5﴾ ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു. അല്ലാഹുവിങ്കലേക്കു തന്നെ കാര്യങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ ۚ وَهُوَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٦﴾

﴿6﴾ രാത്രിയെ അവൻ പകലിൽ കടത്തിക്കൂട്ടുന്നു; പകലിനെ രാത്രിയിലും കടത്തിക്കൂട്ടുന്നു; അവൻ, ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിയുന്നവനുമാകുന്നു.

﴿4﴾ هُوَ ٱلَّذِى അവനത്രെ യാതൊരുവൻ خَلَقَ ٱلسَّمَـٰوَٰتِ ആകാശങ്ങളെ സൃഷ്ടിച്ച وَٱلْأَرْضَ ഭൂമിയെയും فِى سِتَّةِ أَيَّامٍ ആറു ദിവസങ്ങളിൽ ثُمَّ ٱسْتَوَىٰ പിന്നെ അവൻ ശരിപ്പെട്ടു, ആരോഹണം ചെയ്തു عَلَى ٱلْعَرْشِ അർശിൻമേൽ

يَعۡلَمُ അവൻ അറിയും, അറിയുന്നു مَا يَلِجُ കടക്കുന്ന (പ്രവേശിക്കുന്ന)ത് فِى ٱلۡأَرۡضِ ഭൂമിയിൽ وَمَا يَخۡرُجُ പുറപ്പെടുന്നതും مِنۡهَا അതിൽനിന്ന് وَمَا يَنزِلُ ഇറങ്ങുന്നതും مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് وَمَا يَعۡرُجُ فِيهَا അതിൽ കയറുന്നതും وَهُوَ അവൻ مَعَكُمۡ നിങ്ങളുടെ കൂടെ (ഒപ്പം) ഉണ്ട് أَيۡنَ مَا كُنتُمۡ നിങ്ങൾ എവിടെ ആയിരുന്നാലും وَٱللَّهُ അല്ലാഹു بِمَا تَعۡمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കണ്ടറിയുന്നവനാണ് ﴾5﴿ لَّهُۥ അവന്നാകുന്നു مُلۡكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം, ആധിപത്യം وَٱلۡأَرۡضِ ഭൂമിയുടെയും وَإِلَى ٱللَّهِ അല്ലാഹുവിങ്കലേക്ക് തന്നെ تُرۡجَعُ മടക്കപ്പെടും, മടക്കപ്പെടുന്നു ٱلۡأُمُورُ കാര്യങ്ങൾ ﴾6﴿ يُولِجُ അവൻ കടത്തുന്നു, പ്രവേശിപ്പിക്കുന്നു ٱلَّيۡلَ രാത്രിയെ فِى ٱلنَّهَارِ പകലിൽ وَيُولِجُ ٱلنَّهَارَ പകലിനെയും പ്രവേശിപ്പിക്കുന്നു فِى ٱلَّيۡلِ രാത്രിയിൽ وَهُوَ അവൻ عَلِيمٌۢ അറിയുന്നവനാണ് بِذَاتِ ٱلصُّدُورِ നെഞ്ഞു (ഹൃദയം) കളിലുമുള്ളതിനെ

ആകാശഭൂമികളെ ആറുദിവസങ്ങളിൽ സൃഷ്ടിച്ചുവെന്നതിന്റെയും, അല്ലാഹു 'അർശി'ൽ ആരോഹണം ചെയ്തുവെന്നതിന്റെയും ഉദ്ദേശ്യങ്ങളെക്കുറിച്ചും മറ്റും സൂ: സജദഃ 4, 5 മുതലായ വചനങ്ങളുടെ വ്യാഖ്യാനത്തിലായി ഒന്നിലധികം പ്രാവശ്യം നാം വിവരിച്ചിരിക്കുന്നു. ഭൂമിയിലും ആകാശത്തിലും പ്രവേശിക്കുന്നതിനെയും, അവയിൽനിന്ന് പുറത്തുവരുന്നതിനെയും സംബന്ധിച്ച് സൂ: സബഉ് 2 ന്റെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്. മേൽ ചൂണ്ടിക്കാണിച്ച യാഥാർത്ഥ്യങ്ങളെ മുഖവുരയായി ഉദ്ധരിച്ചശേഷം അല്ലാഹു മനുഷ്യരെ അഭിമുഖീകരിച്ചു പറയുന്നു:

ءَامِنُوا۟ بِٱللَّهِ وَرَسُولِهِۦ وَأَنفِقُوا۟ مِمَّا جَعَلَكُم مُّسۡتَخۡلَفِينَ فِيهِ فَٱلَّذِينَ ءَامَنُوا۟ مِنكُمۡ وَأَنفَقُوا۟ لَهُمۡ أَجۡرٌ كَبِيرٌ ﴿٧﴾

﴾7﴿ (മനുഷ്യരേ) നിങ്ങൾ അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കുവിൻ; നിങ്ങളെ അവൻ ഏതൊന്നിൽ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കി വെച്ചിരിക്കുന്നുവോ അതിൽനിന്ന് നിങ്ങൾ ചിലവഴിക്കുകയും ചെയ്യുവിൻ.

എന്നാൽ, നിങ്ങളിൽനിന്ന് യാതൊരുവർ വിശ്വസിക്കുകയും, ചിലവഴിക്കുകയും ചെയ്തുവോ അവർക്ക് വലുതായ പ്രതിഫലമുണ്ട്.

﴾7﴿ ءَامِنُوا۟ بِٱللَّهِ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുവിൻ وَرَسُولِهِۦ അവന്റെ റസൂലിലും وَأَنفِقُوا۟ നിങ്ങൾ ചിലവഴിക്കയും ചെയ്യുക مِمَّا جَعَلَكُم നിങ്ങളെ അവൻ

ആക്കിയതിൽനിന്ന് مُّسْتَخْلَفِينَ പ്രാതിനിധ്യം നൽകപ്പെട്ടവർ (പ്രതിനിധികൾ) فِيهِ അതിൽ فَٱلَّذِينَ ءَامَنُوا۟ എന്നാൽ (കാരണം) വിശ്വസിച്ചവർ مِنكُمْ നിങ്ങളിൽനിന്ന് وَأَنفَقُوا۟ ചിലവഴിക്കുകയും ചെയ്ത لَهُمْ അവർക്കുണ്ട് أَجْرٌ كَبِيرٌ വലിയ പ്രതിഫലം

'നിങ്ങളെ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കിയതിൽ നിന്ന്' എന്ന് പറഞ്ഞ വാക്ക് വളരെ ശ്രദ്ധാർഹമാകുന്നു. സ്വത്തും, സമ്പത്തുമെല്ലാം അല്ലാഹുവിന്റെതാണ്. അവന്റെ സൃഷ്ടി, അവൻ നൽകിയത്. മനുഷ്യൻ ജനിക്കും മുമ്പുതന്നെ അവൻ അതിവിടെ ഒരുക്കിവെച്ചിരിക്കുന്നു. അതിൽ വർദ്ധനവും കുറവും വരുത്തുന്നതും അവൻ തന്നെ. അത് ഉപയോഗിക്കുവാനും, കൈകാര്യം നടത്തുവാനും അവൻ മനുഷ്യനെ നിശ്ചയിച്ചിരിക്കയാണ്. അതാരുടെയും കുത്തകയോ, സൃഷ്ടിയോ അല്ല. ഒരിക്കൽ ഒരു കൂട്ടരുടെ കൈവശമാണെങ്കിൽ, അവരുടെ ശേഷം മറ്റൊരു കൂട്ടർ തൽസ്ഥാനത്ത് വരുന്നു. പിന്നീട് വേറൊരുകൂട്ടർ കൈകാര്യം ചെയ്യുന്നു. അഥവാ മനുഷ്യൻ അതിനെ ഊഴംവെച്ച് ഉപയോഗിച്ചുവരുന്നു എന്ന് മാത്രം. ഇങ്ങനെയുള്ള വസ്തുക്കളാണ് ആ വാക്കുകളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. എന്നിരിക്കെ, കൈവശമുള്ള ധനത്തിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചിലവാക്കുവാൻ മടിക്കേണ്ടതില്ല, മടിക്കുവാൻ അവകാശവുമില്ല. അതേ സമയത്ത് സത്യവിശ്വാസം സ്വീകരിക്കുന്നതോടൊപ്പം ധനം നല്ല മാർഗത്തിൽ ചിലവാക്കുന്ന പക്ഷം അല്ലാഹുവിങ്കൽനിന്ന് വമ്പിച്ച പ്രതിഫലം അവൻ വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

മനുഷ്യൻ എത്ര ധനികനായിരുന്നാലും അതിൽ നിന്ന് യഥാർത്ഥത്തിൽ -ശരിയായ അർത്ഥപ്രകാരം- അവൻ ഉപയോഗിക്കുന്ന അളവ് എത്രമാത്രമാണെന്ന് ആലോചിച്ചു നോക്കിയാൽ, അത് വളരെ പരിമിതമാണെന്ന് കാണാം. ബാക്കിയെല്ലാം- അവൻ ദുരുപയോഗപ്പെടുത്തി നശിപ്പിക്കാത്തപക്ഷം- അന്യർക്ക് നിരുപാധികം വിട്ടുകൊടുക്കുവാൻ നിർബന്ധിതനാണ്. അവൻ ധനത്തിന്റെ യഥാർത്ഥ ഉടമസ്ഥനല്ല എന്നുള്ളതിന് ഇതുതന്നെ തെളിവാണല്ലോ. നബി തിരുമേനിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'ആദമിന്റെ മകൻ- മനുഷ്യൻ- പറയുന്നു: എന്റെ ധനം എന്റെ ധനം എന്ന്! (മനുഷ്യാ) നിന്റെ ധനത്തിൽ നിന്നും നീ തിന്നു തീർത്തതോ, നീ ഉടുത്തു നശിപ്പിച്ചതോ അല്ലെങ്കിൽ നീ ധർമം കൊടുത്തു നടപ്പിലാക്കിയതോ അല്ലാതെ നിനക്ക് വല്ലതും ഉണ്ടോ?! അതല്ലാത്തതെല്ലാം തന്നെ, പോയിക്കളയുന്നതും നീ ജനങ്ങൾക്ക് വിട്ടേച്ച് പോകുന്നതുമാകുന്നു' (മു.)

وَمَا لَكُمْ لَا تُؤْمِنُونَ بِٱللَّهِ ۙ وَٱلرَّسُولُ يَدْعُوكُمْ لِتُؤْمِنُوا۟ بِرَبِّكُمْ وَقَدْ أَخَذَ مِيثَٰقَكُمْ

﴾8﴿ നിങ്ങൾക്കെന്താണ്- നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല?! റസൂലാകട്ടെ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവാനായി നിങ്ങളെ ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു. അവൻ [അല്ലാഹു] നിങ്ങളുടെ ഉറപ്പ് (അഥവാ കരാർ)

വാങ്ങിയിട്ടുമുണ്ട്. നിങ്ങൾ വിശ്വസി ക്കുന്നവരാണെങ്കിൽ...........!

إِن كُنتُم مُّؤۡمِنِينَ ﴿٨﴾

﴿8﴾ وَمَا لَكُمۡ നിങ്ങൾക്ക് എന്താണ് (എന്തുപറ്റി) لَا تُؤۡمِنُونَ നിങ്ങൾ വിശ്വസിക്കുന്നില്ല بِٱللَّهِ അല്ലാഹുവിൽ وَٱلرَّسُولُ റസൂലാകട്ടെ يَدۡعُوكُمۡ നിങ്ങളെ ക്ഷണി(വിളി)ക്കുന്നു لِتُؤۡمِنُواْ നിങ്ങൾ വിശ്വസിക്കുവാൻ بِرَبِّكُمۡ നിങ്ങളുടെ റബ്ബിൽ وَقَدۡ أَخَذَ അവൻ വാങ്ങുകയും ചെയ്തിട്ടുണ്ട് مِيثَٰقَكُمۡ നിങ്ങളുടെ ഉറപ്പ് (കരാറ്, ഉടമ്പടി) إِن كُنتُم നിങ്ങളാണെങ്കിൽ مُّؤۡمِنِينَ വിശ്വസിക്കുന്നവർ

നിങ്ങൾ വിശ്വസിക്കുവാൻ വേണ്ടുന്ന ദൃഷ്ടാന്തങ്ങൾ പലതും നിങ്ങൾക്കുണ്ട്. അതിന് പുറമെ റസൂൽ നിങ്ങളെ അതിന് ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു. അതോടുകൂടി നിങ്ങൾ സ്വയം തന്നെ പ്രതിജ്ഞാബദ്ധരുമാണ്. ഇതൊക്കെ ഉണ്ടായിട്ടും നിങ്ങളുടെ രക്ഷിതാവിൽ നിങ്ങൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല?! എന്ന് സാരം. അവൻ നിങ്ങളുടെ ഉറപ്പുവാങ്ങി (وقد أخذ ميثاقكم) എന്ന് പറഞ്ഞതിന് രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്.

(1) അല്ലാഹുവിന്റെ അസ്തിത്വത്തെയും, മഹൽ ഗുണങ്ങളെയും സ്ഥാപിക്കുകയും മനസ്സിലാക്കിത്തരുകയും ചെയ്യുന്ന ദൃഷ്ടാന്തങ്ങൾ അവൻ ഏർപ്പെടുത്തുകയും അവനിൽ വിശ്വസിക്കുവാൻ അവ മനുഷ്യബുദ്ധിയെ നിർബന്ധിക്കുകയും ചെയ്യുന്നു. അപ്പോൾ, 'നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ' (ان كنتم مؤمنين) എന്ന വാക്കിന്റെ താൽപര്യം ദൃഷ്ടാന്തങ്ങളിലും കാര്യകാരണങ്ങളിലും നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കാതിരിക്കുവാൻ നിർവ്വാഹമില്ല എന്നായിരിക്കാം.

(2) ആത്മീയലോകത്തുവെച്ച് അല്ലാഹു മനുഷ്യരോട്: 'ഞാൻ നിങ്ങളുടെ റബ്ബല്ലയോ?' എന്ന് ചോദിച്ചതായും, 'അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു' (بلى شهدنا) എന്ന് അവർ മറുപടി പറഞ്ഞതായും അല്ലാഹു സൂ: അഅ്റാഫ് 172 ൽ പ്രസ്താവിച്ചിരിക്കുന്നു. ആ സംഭവമാണ് ഇവിടെ കരാറുകൊണ്ടുദ്ദേശ്യം. ഈ കരാർ മനുഷ്യർക്ക് ഇന്ന് ഓർമയില്ലല്ലോ എന്ന് പറഞ്ഞേക്കാം. അതിനുള്ള മറുപടിയായിരിക്കും 'നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ' (ان كنتم مؤمنين) എന്ന വാക്ക്. നിങ്ങളുടെ സകല കാര്യങ്ങളും അറിയുന്ന ഞാൻ ആ കരാറ് നിങ്ങളെ ഇതാ ഓർമപ്പെടുത്തുന്നു, നിങ്ങൾക്ക് അത് വിശ്വസിക്കാമെങ്കിൽ വിശ്വസിച്ചുകൊള്ളുക എന്ന് ഗൗരവപ്പെട്ട ഒരു താക്കീതായിരിക്കും അപ്പോൾ ആ വാക്കിൽ അടങ്ങിയിരിക്കുക. الله أعلم റസൂൽ ﷺ നിങ്ങളെ ക്ഷണിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ല, അല്ലാഹുവിന്റെ കൽപനപ്രകാരമാണെന്ന് അടുത്ത വചനത്തിൽ ഉണർത്തുന്നു:-

هُوَ ٱلَّذِى يُنَزِّلُ عَلَىٰ عَبْدِهِۦٓ ءَايَٰتٍۭ بَيِّنَٰتٍ لِّيُخْرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَإِنَّ ٱللَّهَ بِكُمْ لَرَءُوفٌ رَّحِيمٌ ﴿٩﴾

(9) അവനത്രെ, തന്റെ അടിയാന്റെ മേൽ സുവ്യക്തങ്ങളായ പല ലക്ഷ്യങ്ങളും ഇറക്കിക്കൊടുക്കുന്നവൻ; നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് അദ്ദേഹം പ്രകാശത്തിലേക്ക് വെളിക്ക് വരുത്തുവാൻവേണ്ടി. നിശ്ചയമായും അല്ലാഹു നിങ്ങളിൽ വളരെ കൃപയുള്ളവനും, കരുണയുള്ളവനും തന്നെയാകുന്നു.

---

(9) هُوَ ٱلَّذِى അവനത്രെ يُنَزِّلُ അവതരിപ്പിക്കുന്നവൻ عَلَىٰ عَبْدِهِ തന്റെ അടിയാന്റെ മേൽ ءَايَٰتٍ പല ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ بَيِّنَٰتٍ വ്യക്തങ്ങളായ لِّيُخْرِجَكُم അദ്ദേഹം നിങ്ങളെ വെളിക്കു (പുറത്തു) കൊണ്ടുവരുവാൻ مِّنَ ٱلظُّلُمَٰتِ അന്ധകാരങ്ങളിൽ (ഇരുട്ടിൽ)നിന്ന് إِلَى ٱلنُّورِ പ്രകാശത്തിലേക്ക് وَإِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു بِكُمْ നിങ്ങളിൽ لَرَءُوفٌ വളരെ കൃപ(കനിവ്) ഉള്ളവൻതന്നെ رَّحِيمٌ കരുണയുള്ളവനും, കരുണാനിധിയുമായവനും

---

7 -ാം വചനത്തിൽ സത്യവിശ്വാസം സ്വീകരിക്കുക, ധനം ചിലവഴിക്കുക എന്നീ രണ്ട് കാര്യങ്ങളിലേക്ക് അല്ലാഹു മനുഷ്യരെ ക്ഷണിച്ചു. ഈ രണ്ടും അനുഷ്ഠിക്കുന്നവർക്ക് വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്കയും ചെയ്തു. 8, 9 വചനങ്ങളിൽ, നിങ്ങൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല എന്ന് ചോദിക്കുകയും, തുടർന്നുകൊണ്ട് വിശ്വാസം സ്വീകരിക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്ന് സ്ഥാപിക്കുമാറുള്ള കാരണങ്ങളും ന്യായങ്ങളും വിവരിക്കുകയും ഉണ്ടായി. അടുത്തവചനത്തിൽ രണ്ടാമത്തെ വിഷയമായ ധനം ചിലവഴിക്കലിനെ സംബന്ധിച്ചും അതേപ്രകാരം ചോദിച്ചുകൊണ്ട് അതിന്റെ ആവശ്യകത വിവരിക്കുന്നു:-

وَمَا لَكُمْ أَلَّا تُنفِقُوا۟ فِى سَبِيلِ ٱللَّهِ وَلِلَّهِ مِيرَٰثُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ لَا يَسْتَوِى مِنكُم مَّنْ أَنفَقَ مِن قَبْلِ ٱلْفَتْحِ وَقَٰتَلَ ۚ أُو۟لَٰٓئِكَ أَعْظَمُ دَرَجَةً مِّنَ ٱلَّذِينَ أَنفَقُوا۟ مِنۢ بَعْدُ وَقَٰتَلُوا۟

(10) അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കാതിരിക്കുവാൻ നിങ്ങൾക്കെന്താണ്? ആകാശങ്ങളുടെയും, ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനാകുന്നു (എന്നിട്ടും)!. നിങ്ങളിൽനിന്ന് വിജയത്തിനു മുമ്പ് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവർ (അല്ലാത്തവരോട്), സമമായിരിക്കയില്ല; അക്കൂട്ടർ, പിന്നീട് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരെക്കാൾ വമ്പിച്ച പദവിയുള്ളവരാകുന്നു.

وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٠﴾

എല്ലാവരോടും തന്നെ, അല്ലാഹു ഏറ്റവും നല്ലത് [നല്ല പ്രതിഫലം] വാഗ്ദാനം ചെയ്തിരിക്കുന്നു; അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമമായി അറിയുന്നവനുമാണ്.

﴾10﴿ وَمَا لَكُمْ നിങ്ങൾക്കെന്താണ് أَلَّا تُنفِقُوا۟ നിങ്ങൾ ചിലവഴിക്കാതിരിക്കുവാൻ فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ وَلِلَّهِ അല്ലാഹുവിനാണ് مِيرَٰثُ അനന്തരാവകാശം ٱلسَّمَٰوَٰتِ وَٱلْأَرْضِ ആകാശങ്ങളുടെയും ഭൂമിയുടെയും لَا يَسْتَوِى സമമാകുകയില്ല مِنكُم നിങ്ങളിൽനിന്ന് مَّنْ أَنفَقَ ചിലവഴിച്ചവർ مِن قَبْلِ ٱلْفَتْحِ വിജയത്തിന്മുമ്പ് وَقَٰتَلَ യുദ്ധം ചെയ്കയും ചെയ്ത أُو۟لَٰٓئِكَ അക്കൂട്ടർ أَعْظَمُ دَرَجَةً ഏറ്റവും വമ്പിച്ച പദവിയുള്ളവരാണ് مِّنَ ٱلَّذِينَ യാതൊരുവരെക്കാൾ أَنفَقُوا۟ ചിലവഴിച്ച مِنۢ بَعْدُ പിന്നീട്, ശേഷം وَقَٰتَلُوا۟ യുദ്ധം ചെയ്ത وَكُلًّا എല്ലാവരോടും (തന്നെ) وَعَدَ ٱللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു ٱلْحُسْنَىٰ ഏറ്റം നല്ലതിനെ وَٱللَّهُ അല്ലാഹു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرٌ സൂക്ഷ്മമമായറിയുന്നവനാണ്

ഒരാൾക്കും തന്റെ കൈവശമുള്ള വസ്തുക്കൾ ശാശ്വതമല്ല, അല്പകാലം കഴിയുമ്പോൾ അത് അന്യർക്ക് വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ, വിട്ടുകൊടുക്കും മുമ്പുതന്നെ അത് കൈവിട്ടു പോകയും ചെയ്തേക്കും. എല്ലാം അല്ലാഹുവിങ്കലേക്ക് മടങ്ങുന്നു. ആകാശഭൂമികളിലുള്ള മുഴുവൻ വസ്തുക്കളുടെയും ഉടമസ്ഥതയും അവകാശവും അല്ലാഹുവിനാണ്. എന്നിരിക്കെ, അവൻ ഇഷ്ടപ്പെടുന്ന മാർഗത്തിൽ ചിലവഴിക്കാതെ സൂക്ഷിച്ചു വെക്കുന്നതുകൊണ്ട് ഭാവിയിൽ നിങ്ങൾക്ക് ഒരു നന്മയും പ്രതീക്ഷിക്കുവാനില്ല. നേരെ മറിച്ച് നിങ്ങൾ ഇപ്പോൾ ചിലവഴിക്കുന്നതിന് പകരം ഭാവിയിൽ നിങ്ങൾക്ക് ധാരാളം നന്മ ലഭിക്കുവാനിരിക്കുന്നു. നല്ല വിഷയത്തിൽ ധനം ചിലവഴിക്കുന്നത് എപ്പോഴും നല്ലതുതന്നെ. എങ്കിലും ഒരു കാര്യം പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. അടിയന്തരഘട്ടങ്ങളിൽ ചിലവഴിക്കുകയും, ത്യാഗമനുഷ്ഠിക്കുകയും ചെയ്യുന്നതും, സാധാരണ ഘട്ടങ്ങളിൽ ചിലവഴിക്കുന്നതും ഒരുപോലെയല്ല. സന്ദർഭം അനുസരിച്ച് അവയുടെ പ്രാധാന്യവും പ്രതിഫലവും കൂടുകയും, കുറയുകയും ചെയ്യും. എന്നൊക്കെയാണ് ഈ വചനത്തിലടങ്ങിയ തത്വങ്ങൾ.

ശത്രുക്കളുടെ അക്രമം, ദാരിദ്ര്യം, അംഗങ്ങളുടെ കുറവ് ആദിയായ കാരണങ്ങളാൽ മുസ്‌ലിംകൾ ഏറ്റവുമധികം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരികയും, യാതനകൾ അനുഭവിക്കേണ്ടിവരികയും ചെയ്തത് ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിലാണല്ലോ. അതുകൊണ്ട് അക്കാലത്ത് ധനംകൊണ്ടും, ദേഹംകൊണ്ടും അങ്ങേഅറ്റം ഇസ്‌ലാമിനുവേണ്ടി ത്യാഗം ചെയ്യുവാനും, കഷ്ടപ്പാടുകൾ സഹിക്കുവാനും മുന്നോട്ട് വന്നവർക്ക് ഇസ്‌ലാമിന് വിജയം കൈവന്ന് വിഷമങ്ങൾക്ക് ലഘൂകരണം വന്നശേഷം മുന്നോട്ട് വന്നവരെക്കാൾ വളരെ ഉന്നതമായ പദവിയാണ് അല്ലാഹുവിങ്കലുള്ളത്.

എന്നാലും രണ്ടാമത്തെ വിഭാഗത്തെ അവഗണിക്കുന്നതല്ലെന്നും, എല്ലാവർക്കും അല്ലാഹുവിങ്കൽ ഏറ്റവും നല്ല പ്രതിഫലം ലഭിക്കുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ധനം കൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുന്ന സത്യവിശ്വാസികളുടെ ശ്രേഷ്ഠതയും പ്രതിഫലവും എടുത്തുപറയുന്നതിനിടക്ക് സൂ: നിസാഉ് 95 ലും ഈ കാര്യം- എല്ലാവരോടുംതന്നെ അല്ലാഹു ഏറ്റവും നല്ലതിനെ വാഗ്ദാനം ചെയ്തിരിക്കുന്നു എന്ന് -അല്ലാഹു ഉണർത്തിയിരിക്കുന്നു.

ബുഖാരീ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ശക്തനായ സത്യവിശ്വാസി കൂടുതൽ നല്ലവനും ദുർബ്ബലനായ സത്യവിശ്വാസിയെക്കാൾ അല്ലാഹു കൂടുതൽ ഇഷ്ടപ്പെടുന്നവനുമാകുന്നു. എല്ലാവരിലും നന്മയുണ്ട്താനും.'

വിജയത്തിന്റെ മുമ്പ് (من قبل الفتح) എന്ന് പറഞ്ഞുവല്ലോ. ഇവിടെ 'വിജയം' കൊണ്ടുദ്ദേശ്യം മക്കാവിജയമാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. മക്കാവിജയത്തിന് മാർഗം തുറന്നത് ഹുദൈബിയാ സംഭവമായതുകൊണ്ട് അതാണ് ഉദ്ദേശ്യമെന്നും, പൊതുവിൽ ഇസ്‌ലാമിന്റെ വിജയം എന്നേ ഉദ്ദേശ്യമുള്ളൂ എന്നും അഭിപ്രായങ്ങളുണ്ട്. പ്രായോഗികമായി നോക്കുമ്പോൾ ഇവയെല്ലാം സാരത്തിൽ ഒന്നാണെന്ന് കാണാം. ധനം ചിലവഴിക്കുന്നതിൽ സംഖ്യയുടെ ഏറ്റക്കുറവും, ത്യാഗസേവനങ്ങൾ ചെയ്യുന്നതിൽ പ്രവർത്തനങ്ങളുടെ വലുപ്പചെറുപ്പവും മാത്രമല്ല; ഓരോന്നിന്റെ സന്ദർഭവും ആവശ്യകതയും തൽകർത്താക്കളുടെ പരിതഃസ്ഥിതികളും കണക്കിലെടുത്തുകൊണ്ടായിരിക്കും അല്ലാഹു അവയ്ക്ക് പ്രാധാന്യം കല്പിക്കുന്നത് എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കുവാനുള്ളത്. അതുപോലെത്തന്നെ, ഇസ്‌ലാമിന്റെ ആരംഭത്തിൽ സത്യവിശ്വാസം സ്വീകരിച്ച് കഠിന ത്യാഗങ്ങൾ ചെയ്ത സ്വഹാബികളും, പിൽക്കാലത്ത് ഇസ്‌ലാമിൽവന്ന് അതിന് സേവനമർപ്പിച്ച സ്വഹാബികളും തമ്മിലും, സ്വഹാബികളും അവരുടെ ശേഷമുള്ളവരും തമ്മിലും ശ്രേഷ്ഠതയിൽ വ്യത്യാസമുണ്ടായിരിക്കുമെന്നും മനസ്സിലാക്കാം. നബിﷺ പറയുന്നു.

لا تسبوا أصحابي فو الذي نفس محمد بيده لو أن أحدكم أنفق مثل أحد ذهبا ما أدرك مد أحدهم ولا نصيفه

(നിങ്ങൾ എന്റെ സ്വഹാബികളെ പഴിച്ചുപറയരുത്. കാരണം, മുഹമ്മദിന്റെ ദേഹം -അഥവാ ജീവൻ- യാതൊരുവന്റെ കയ്‌വശമാണോ അവൻതന്നെ! നിങ്ങളൊരാൾ ഉഹ്ദ് മലയോളം സ്വർണം ചിലവഴിച്ചാലും അവരിലൊരാളുടെ ഒരു സേറിനോ, അതിന്റെ പകുതിക്കോ അത് എത്തുന്നതല്ല. (ബു; മു)